ഗ്രാമീൺ കൃഷി മൗസം സേവാ

കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, തൃശ്ശൂർജില്ല

പ്രവചന കാലയളവ് 28.12.2021 മുതൽ 02.1.2022 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 01/2021, (1) ചൊവ്വാഴ്ച്ച | തീയ്യതി: 28/12/2021 |
|---|---|

## 1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകരണം (മി.മി) |
|---|---|---|---|---|---|---|---|
| (0.0) | (31.1-33.0) | (19.7-22.3) | (71-81) | (44-54) | (3.4-8.7) | (7.5-9.7) | (2.9-5.1) |

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 29.12.2021 | 30.12.2021 | 31.12.2021 | 01.1.2022 | 02.1.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 22 | 22 | 22 | 22 | 22 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 45 | 45 | 45 | 45 | 45 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 10 | 10 | 12 | 12 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 50 | 20 | 20 | 50 | 50 |
| മേഘവ്യാപ്തി (ഒക്ട) | 1 | 2 | 3 | 2 | 1 |

കാലാവസ്ഥാ അറിയിപ്പ് : **ജില്ലയിൽ മഴ ഇല്ലാത്ത സാഹചര്യത്തിലും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്.** കേരളത്തിൽ ശരാശരിയേക്കാൾ **കുറവ്** മഴ ലഭിക്കാൻ സാധ്യത.

### അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം

| 2021 ഡിസംബർ 29 | 2021 ഡിസംബർ 30 | 2021 ഡിസംബർ 31 | 2022 ജനുവരി 1 | 2022 ജനുവരി 2 |
|---|---|---|---|---|
| മഴ ഇല്ല | | | | |

## 3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദ്ദേശങ്ങൾ: മഴ ഇല്ലാത്ത സാഹചര്യത്തിലും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കാറ്റിന് വേഗത കൂടാൻ സാധ്യതയുള്ളതിനാൽ വാഴക്ക് താങ്ങു കാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക.**

| വിളകൾ | രോഗ കീടങ്ങൾ | | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|---|
| **നെല്ല്** (മുണ്ടകൻ) പാലുറയ്ക്കുന്ന പരുവം | ബാക്ടീരിയൽ ഇല കരിച്ചൽ |  | നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്. |
| **നെല്ല് പുഞ്ച** | |  | വിത്ത് പരിചരണം-**പുഞ്ച** കൃഷിക്കായുള്ള വിത്ത് വിതയ്ക്കുന്നതിനു മുൻപ് സ്യൂഡോമോണോസുമായി കൂട്ടികലർത്തുന്നത് രോഗബാധയകറ്റുന്നതിനു സഹായിക്കും. (ഒരു കിലോഗ്രാം വിത്തിന് പത്ത് ഗ്രാം സ്യൂഡോമോണാസ് എന്ന തോതിൽ കലർത്തുക). |
| പച്ചക്കറികൾ | നീരൂറ്റികുടിക്കുന്ന പ്രാണികൾ |  | അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ നീരൂറ്റികുടിക്കുന്ന പ്രാണികൾ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിലൊരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണവെളുത്തുള്ളി മിശ്രിതം തളിക്കുക അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക |
| കാബേജ്/ കോളിഫ്ളവർ | ഇലത്തീനിപ്പുഴു |  | ആക്രമണത്തിന്റെ ആരംഭഘട്ടത്തിൽ പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ മുട്ട, പുഴു , പ്യൂപ്പ എന്നിവയോടു കൂടി തന്നെ നശിപ്പിച്ച് കളയുക. കൂടാതെ വേപ്പിൻ കുരുസത്ത് 5 ശതമാനം വീര്യത്തിൽ തയ്യാറാക്കി തളിച്ചു കൊടുക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 2 മി.ലി ഫ്ളൂബെന്റാമൈഡ് (ടക്കുമി) പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ, അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ (കൊറാജൻ) 3 മി.ലി. പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ചു കൊടുക്കേണ്ടതാണ് |
| മൃഗസംരക്ഷണം | ചാണക പരിശോധന നടത്തി വിദഗ്ദോപദേശപ്രകാരം വിര മരുന്നുകൾ നൽകുക. കുളമ്പുരോഗത്തിന്റെ പ്രതിരോധ കുത്തിവെപ്പ് എടുക്കുക. ചെള്ള്, ഈച്ച, കൊതുക്, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്ക് എതിരെ ജാഗ്രത പുലർത്തുക. (CAADECCS, KVASU, മണ്ണുത്തി) | | |